**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1116** **15-10-2026-ൽ മറുപടിയ്ക്ക്**

**<u>ആറന്മുള നിയോജക മണ്ഡലത്തിലെ പാലങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. അബിൻ വർക്കി കോടിയാട്ട് ശ്രീ. പി. കെ. ബഷീർ

(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** ആറന്മുള നിയോജക മണ്ഡലത്തിൽ നിലവിൽ നിർമ്മാണത്തിലിരിക്കുന്ന പാലങ്ങൾ ഏതെല്ലാമെന്നും അവയുടെ നിർമ്മാണ പ്രവൃത്തികൾക്ക് അനുവദിച്ച തുക എത്രവീതമാണെന്നും തരംതിരിച്ച് വ്യക്തമാക്കാമോ; അവയുടെ നിലവിലെ പുരോഗതി എന്തൊണെന്ന് തരംതിരിച്ച് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** അനുബന്ധമായി നൽകുന്നു.

**(ബി)** ആറന്മുള നിയോജക മണ്ഡലത്തിൽ തുക അനുവദിച്ചിട്ടും നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാത്ത പാലങ്ങൾ ഏതെല്ലാമാണെന്ന തരംതിരിച്ച് വ്യക്തമാക്കാമോ അവയുടെ നിർമാണം ആരംഭിക്കുന്നതിനുള്ള നിലവിലെ നടപടിക്രമങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കാമോ?

**<u>മറുപടി:</u>** തുക അനുവദിച്ചിട്ടും നിർമ്മാണം ആരംഭിക്കാത്ത പാലം പ്രവൃത്തികൾ ഒന്നും തന്നെ ആറന്മുള നിയോജകമണ്ഡലത്തിൽ ഇല്ല.

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

## I.പൊതുമരാമത്തുവകുപ്പ് പാലങ്ങൾ വിഭാഗത്തിന് കീഴിൽ നിലവിൽ നിർമ്മാണത്തിലിരിക്കുന്ന പാലത്തിന്റെ വിശദാംശങ്ങൾ

### വയറപ്പുഴ പാലം

പ്രസ്തുത പ്രവൃത്തിക്കായി 9,35,23,000/- രൂപയുടെ പുതുക്കിയ ഭരണാനുമതിയും, 9,14,000,00/- രൂപയുടെ സാങ്കേതിക അനുമതിയും നൽകിയിട്ടുണ്ട്. ടി പ്രവൃത്തിയുടെ പൈലിംഗ്, അബട്ട്മെന്റ്, പൈൽ ക്യാപ്പ്, പിയർ, പിയർ ക്യാപ്പ്, ലാൻഡ് സ്പാൻ എന്നിവ പൂർത്തീകരിച്ചു. റിവർ സ്പാൻ ഗർഡറുകൾ, deck slab ന്റെ reinforcement work- എന്നിവ പുരോഗമിക്കുന്നു. പ്രവൃത്തിക്കായി ഭൂമി ഏറ്റെടുക്കൽ നടപടിയുടെ ഭാഗമായി സാമൂഹിക ആഘാത പഠനം പൂർത്തിയായി. 6(1), 4(1) വിജ്ഞാപനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## II. കെ.ആർ.എഫ്.ബി - ക്ക് കീഴിൽ നിലവിൽ നിർമ്മാണത്തിലിരിക്കുന്ന പാലത്തിന്റെ വിശദാംശങ്ങൾ

### 1. അബാൻ ജംഗ്ഷൻ ഓവർ ബ്രിഡ്ജ് നിർമ്മാണം

10-07-2017 തീയതിയിലെ സ.ഉ(സാധാ)നം. 942/2017/PWD പ്രകാരം 50 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതിയും, KIIFB യിൽ നിന്നും 72.93 കോടിരൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിയും, 46.80 കോടി രൂപയുടെ സാങ്കേതിക അനുമതിയും നൽകിയിട്ടുണ്ട്. നാളിതുവരെ 7 8 % പ്രവൃത്തികൾ പൂർത്തീകരിച്ചു. 20 ബോക്സ് ഗിർഡറുകളുടെയും നിർമ്മാണം പൂർത്തിയായി. A1, A2 ഭാഗങ്ങളിലെ RCC കാന്റിലീവർ റീറ്റെയ്നിങ് വാളുകളുടെ നിർമ്മാണം ഭാഗികമായി പൂർത്തിയായി. A1 ഭാഗത്തെ സർവീസ് റോഡുകളുടെ സംരക്ഷണ ഭിത്തി, ഡ്രെയിനേജ്-കം-ഡക്റ്റ്, സർവീസ് റോഡ് ഫോർമേഷൻ എന്നിവയുടെ പ്രവൃത്തികളും വിവിധ ഘട്ടങ്ങളിൽ പൂർത്തിയായിട്ടുണ്ട്. RHS സർവീസ് റോഡിന്റെ സബ്ഗ്രേഡ് ഫോർമേഷനും ഫ്ലൈഓവർ ഡെക്ക് സ്ലാബിന്റെ ക്രാഷ് ബാരിയർ നിർമ്മാണവും പുരോഗമിക്കുന്നു. ശേഷിക്കുന്ന റീറ്റെയ്നിങ് വാളുകൾ, അപ്രോച്ച് റോഡുകളുടെ ഫോർമേഷൻ, സർവീസ് റോഡുകളുടെ സൈഡ് പ്രൊട്ടക്ഷൻ, സർവീസ് റോഡ് ഫോർമേഷൻ, ഡ്രെയിനേജ്-കം-ഡക്റ്റ് വാളുകൾ എന്നിവയുടെ നിർമ്മാണം പൂർത്തിയാക്കാനുണ്ട്. യൂട്ടിലിറ്റി ഷിഫ്റ്റിംഗ് പ്രവൃത്തികൾ ഏകദേശം 9 0 % പൂർത്തിയായിട്ടുണ്ട്. ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് 19(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചു. അവാർഡ് എൻക്വയറി/ഹിയറിംഗ് നടപടികൾ നിലവിൽ പുരോഗമിക്കുന്നു.

### 2. കോഴഞ്ചേരി പുതിയ പാലം

31-10-2016 - ലെ സ.ഉ(സാധാ)നം.1496/2016/PWD പ്രകാരം 2 5 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതിയും, KIIFB യിൽ നിന്നും 28.60 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിയും

നൽകിയിട്ടുണ്ട്. നിർമ്മാണപ്രവൃത്തി നിലവിൽ 52% പുരോഗതി കൈവരിച്ചിട്ടുണ്ട്. 7 സ്പാനുകളുടെയും സംരക്ഷണ ഭിത്തികളുടെ നിർമ്മാണം, അപ്രോച്ച് റോഡുകളുടെ BM-BC സർഫേസിങ് നിർമ്മാണം, ഡ്രെയിനേജ് സംവിധാനങ്ങൾ, ഫുട്പാത്ത് നിർമ്മാണം എന്നിവ പൂർത്തിയാക്കി. പെയിന്റിംഗ് ഹാൻഡ് റെയിൽ നിർമ്മാണം പുരോഗമിക്കുന്നു. സർവീസ് റോഡുകളുടെയും അക്സസ്സ് റോഡുകളുടെയും നിർമ്മാണവും പുരോഗമിക്കുന്നു.